Talented Bankers Literary Panel
പുസ്തക പരിചയം 75

പരിചയപ്പെടുത്തുന്നത്
മാധവി വി കെ
സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ
എറണാകുളം ശാഖ

ഡ്രാക്കുള
ബ്രാം സ്റ്റോക്കർ

ട്രാൻസിൽവാനിയയിലെ കാർപ്പാത്യൻ മലകൾക്കിടയിലെ കൊട്ടാരത്തിൽ വസിക്കുന്ന ഡ്രാക്കുള പ്രഭു. പ്രസിദ്ധീകരിച്ച് വർഷങ്ങൾ കഴിഞ്ഞിട്ടും മനുഷ്യ മനസ്സിൽ ഭീതിയുളവാക്കുന്ന കഥാപാത്രം. മലയാളം പരിഭാഷയാണ് ഞാൻ വായിച്ചിട്ടുള്ളത്. ഒത്തിരി രാത്രികളിലെ ഉറക്കം കളഞ്ഞ പുസ്തകം. ഇതെഴുതുമ്പോഴും എന്റെ ഉള്ളിൽ ഭീതിയുടെ നിഴലാട്ടം അനുഭവപ്പെടുന്നില്ലേ എന്നൊരു തോന്നൽ. ഹൊറർ എന്ന സാഹിത്യവിഭാഗത്തിന് മാനദണ്ഡം ഈ പുസ്തകം തന്നെയാണ്. പുസ്തകത്തിന്റെ തനിമ ഒട്ടും തന്നെ നഷ്ടപ്പെടുത്താത്ത സിനിമാവലംബവും ഉണ്ടായി.

കഥയിലേക്ക് വരാം...
ഡ്രാക്കുളപ്രഭുവിന്റെ കൊട്ടാരത്തിലേക്ക് യാത്ര ചെയ്യുന്ന ജൊനാതൻ ഹാർക്കറിൽ കഥ തുടങ്ങുന്നു. അ യാത്രയുടെ വിവരണം തന്നെ വായനക്കാരെ ആകാംക്ഷയുടെ മുൾമുനയിൽ നിർത്തിക്കൊണ്ടാണ്. ഡ്രാക്കുളപ്രഭുവിന്റെയും കൊട്ടാരത്തിന്റെയും വർണ്ണനകൾ, അവിടെ വെച്ചു ജൊനാതനുണ്ടായ അനുഭവങ്ങൾ എല്ലാം തന്നെ സംഭ്രമജനകമാണ്. കൊട്ടാരമെന്ന തടവറയിൽ നിന്നും ജീവൻ രക്ഷിക്കാനായി ജൊനാതൻ ചുമരിലൂടെ താഴേക്കിറങ്ങുന്ന ഭാഗമൊക്കെ ശ്വാസമടക്കിപിടിച്ചു മാത്രമേ വായിക്കാനാകൂ.

അവിടെ നിന്നും കഥ ഇംഗ്ളണ്ടിലേക്കെത്തുന്നു. ജൊനാതന്റെ പ്രേയസി മീനയും അവരുടെ സുഹൃത്ത് ലൂസിയും ലൂസിയെ വിവാഹം ചെയ്യാനാഗ്രഹിച്ച ക്വിൻസി മോറിസ് ആർതർ ഹോംവുഡ് ഡോക്ടർ സേവാർഡ് എന്നിവരും നമ്മുടെ മുന്നിലെത്തുന്നു. ലൂസിയുടെ അജ്ഞാതരോഗം ചികിത്സിക്കാനായി ഡോക്ടർ വാൻഹെൽസിൻഗും എത്തുന്നതോടെ ഡ്രാക്കുളയുടെ കഥ മുന്നോട്ട് നീങ്ങുന്നു.

ലൂസി ഡ്രാക്കുളയുടെ വലയിൽപ്പെടുന്നതും അവരുടെ മരണവും മരണാനന്തര ജീവിതവും എല്ലാം നമ്മെ ഭയചകിതരാക്കുന്നു. പിന്നീട്

മീനയെ തന്റെ രക്തം പാനം ചെയ്യിപ്പിച്ചു തന്റെ വരുതിയിലാക്കുന്ന ഡ്രാക്കുളക്ക് അന്ത്യം ഉണ്ടാവില്ലേ എന്നുപോലും ചിന്തിച്ചു പോകുന്നു. പല കഷ്ടപ്പാടുകൾക്കൊടുവിൽ ഡ്രാക്കുള ഇല്ലാതാവുമ്പോൾ കഥാപാത്രങ്ങൾക്കൊപ്പം വായനക്കാരും ആഹ്ളാദിക്കുന്നു.

ഈ പുസ്തകത്തിന്റെ ആഖ്യാനരീതി വ്യത്യസ്തമാണ്. എപ്പിസ്റ്റോളറി എന്ന ആഖ്യാന രീതിയിൽ കത്തുകൾ ഡയറിക്കുറിപ്പുകൾ കപ്പൽരേഖകൾ എന്നിവയിലൂടെയാണ് കഥ പുരോഗമിക്കുന്നത്. കഥയിലേക്ക് കൂടുതൽ കടന്നാൽ വായനയുടെ രസച്ചരട് മുറിയുമെന്നതിനാൽ മുതിരുന്നില്ല.
ബ്രാം സ്റ്റോക്കറുടെ മറ്റൊരു കൃതിയും തന്നെ ഇത്രയധികം ലോകശ്രദ്ധ പിടിച്ചുപറ്റിയിട്ടില്ല. ഈ കൃതിയെ ആസ്പദമാക്കി ഒത്തിരി നാടകങ്ങളും, ചലച്ചിത്രങ്ങളും, പുസ്തകങ്ങളും ഇറങ്ങിയിട്ടുണ്ട്. 1958 ൽ ഇറങ്ങിയ ഡ്രാക്കുള എന്ന ചിത്രത്തിലെ ഡ്രാക്കുളപ്രഭുവിനെ അവതരിപ്പിച്ച 'ക്രിസ്റ്റഫർ ലീ' എന്ന നടനാണ് ഡ്രാക്കുള എന്ന കഥാപാത്രത്തിന് ചേർന്ന മുഖം നൽകിയത്.

മനുഷ്യമനസ്സുകളിൽ ഭീതിയുടെ വിത്തുകൾ പാകി അങ്ങകലെ കാർപാത്യൻ മലകൾക്കിടയിൽ ഇന്നും ജീവനോടെ ഉണ്ട് ഡ്രാക്കുളപ്രഭു. രാത്രിവായന തികച്ചും വ്യത്യസ്ത അനുഭവം തരുമെങ്കിലും ലോലഹൃദയരോട് അതിനു ശ്രമിക്കരുത് എന്നാണ് എനിക്ക് പറയാനുള്ളത്.

മലയാളത്തിൽ ഡിസി ആണ് പ്രസാധകർ
വില 160 രൂപ

ഐറിഷ് നോവലിസ്റ്റും ചെറുകഥാകൃത്തുമാണ് ബ്രാം സ്റ്റോക്കർ. അബ്രഹാം എന്നതിന്റെ ചുരുക്കരൂപമാണ് ബ്രാം. ഡ്രാക്കുള എന്ന എപ്പിസ്റ്റോളറി ശൈലിയിൽ 1897-ൽ രചിക്കപ്പെട്ട നോവലാണ് അദ്ദേഹത്തെ പ്രശസ്തനാക്കിയത്.

1847ൽ ജനനം, 1912ൽ ലണ്ടനിൽ മരണം. മരണം.